**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

03.03.2020 ൽ മറുപടിക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 495**

## തെക്കൻ ജില്ലകളിൽ സിറ്റി ഗ്യാസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ. ജയരാജ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി തെക്കൻ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) & (ബി) | തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ചുമതല നല്കിയിരിക്കുന്നത് AGP City Gas Pvt. Ltd. എന്ന കമ്പനിയ്ക്കാണ്.<br>ഗാർഹിക ഉപഭോക്താക്കൾക്ക് വാതക വിതരണം നൽകേണ്ടതിനാൽ ജനവാസകേന്ദ്രങ്ങൾക്ക് സമീപം LCNG/LNG സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി വരികയാണ്.<br>അവശേഷിക്കുന്ന ജില്ലകളായ കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഏജൻസിയെ തിരഞ്ഞെടുക്കുവാനുള്ള പതിനൊന്നാം റൗണ്ട് ബിഡ്ഡിംഗ് നടപടികളുമായി PNGRB മുന്നോട്ട് പോകുന്നതായി അറിയുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് PNGRB നിഷ്കർഷിച്ചിട്ടുള്ളത് അനുസരിച്ച് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ AGP City Gas Pvt. Ltd. സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**